പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1889 — 01.11.2019 ൽ മറുപടിയ്ക്ക്

## കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പാറക്കൽ അബ്ദുല്ല<br>,, അബ്ദുൽ ഹമീദ് പി. | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം ഗതാഗത നിയമലംഘനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വർദ്ധിച്ച തോതിലുള്ള പിഴ കുറയ്ക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 01/09/2019 ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26/10/2019 ലെ സ.ഉ (പി) 37/2019/ഗതാ നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഇല്ല. |
| (സി) | ഏതെല്ലാം നിയമ ലംഘനങ്ങളുടെ പിഴയാണ് കുറച്ചതെന്ന് വ്യക്തമാക്കുമോ? | (സി) | മോട്ടോർവാഹന നിയമത്തിലെ 177, 179(1), 179(2), 182(2), 184 (limited to item (c) of the explanation), 190(2), 192A(1), 194(1), 194(2), 194A, 194B(1), 194B(2), 194D, 194E എന്നീ വകുപ്പുകൾ പ്രകാരമുള്ള നിയമലംഘനങ്ങൾക്കാണ് പിഴ കുറക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ